പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1889 08.06.2018-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി.യിൽ ആശ്രിത നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.പി.സജീന്ദ്രൻ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ ആശ്രിതനിയമനം നിലവിലുണ്ടോ; എങ്കിൽ ഏതൊക്കെ വിഭാഗങ്ങളിലേക്കാണ് ആശ്രിത നിയമനം നൽകുന്നത്; | (എ) | നിലവിലുണ്ട്.<br>ജൂനിയർ അസിസ്റ്റന്റ്, ടൈപ്പിസ്റ്റ്, കണ്ടക്ടർ, ഡ്രൈവർ, മെക്കാനിക്ക്, സ്റ്റോർ ഇഷ്യൂവർ, പ്യൂൺ, ബ്ലാക് സ്മിത്ത് പെയിന്റർ, പമ്പ് ഓപ്പറേറ്റർ, സ്വീപ്പർ, ബൈൻഡർ, ഡ്രാഫ്റ്റ്സ്മാൻ എന്നീ തസ്തികകളിലാണ് ആശ്രിത നിയമനം നൽകുന്നത്. |
| (ബി) | ആശ്രിതനിയമന കാര്യത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്കുള്ള വ്യവസ്ഥകൾ കെ.എസ്. ആർ.ടി.സി.ക്ക് ബാധകമാണോ; | (ബി) | ബാധകമാണ്. |
| (സി) | കെ.എസ്.ആർ.ടി.സി.യിൽ ഉന്നത തസ്തികകളിലിരിക്കുന്ന 90 ശതമാനത്തിൽ അധികം പേരും ആശ്രിത നിയമനം കിട്ടിയവരാണെന്ന റിപ്പോർട്ട് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (സി) | നിലവിലുള്ള 204 ഹയർ ഡിവിഷൻ ഓഫീസർമാരിൽ 118 പേർ പ്രാഥമികമായി ആശ്രിത നിയമനത്തിൽ വന്ന് സീനിയോറിറ്റിയുടെയും, കഴിവിന്റെയും അടിസ്ഥാനത്തിൽ DPC സെലക്ട് ചെയ്ത് സ്ഥാനക്കയറ്റം ലഭ്യമായവരാണ്. |
| (ഡി) | എങ്കിൽ ഇതു സംബന്ധിച്ച് കെ.എസ്.ആർ.ടി.സി. എം.ഡി. വ്യക്തത തേടി സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അദ്ദേഹം ഉന്നയിച്ച കാര്യങ്ങളിൽ എന്ത് മറുപടിയാണ് നൽകിയതെന്ന് വ്യക്തമാക്കാമോ? | (ഡി) | ഉണ്ട്.<br>സർക്കാർ ഇക്കാര്യം പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ